**QP CODE**

**A4025**

**Enrollment Number: ..................**

**Name: .....................................**

# BA DEGREE EXAMINATIONS, DECEMBER 2024

## Fourth Semester

## B.A. Malayalam Language and Literature

## B21ML02LC – മലയാള സാഹിത്യമാതൃകകൾ

## ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം

## (2022 admissions)

**Time: 3 Hours** **Max Marks: 70**

സെക്ഷൻ എ

ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം

1. ചെറുകാട് ഏതു പേരിലാണ് ഹാസ്യകവിതകൾ എഴുതിയിരുന്നത്?
2. ഗുരുവിനെ കുറിച്ച് കുമാരനാശാൻ എഴുതിയ ജീവചരിത്രകുറിപ്പിന്റെ പേരെന്ത്?
3. മലയാളത്തിലെ ആദ്യ സഞ്ചാര സാഹിത്യകൃതി ഏത്?
4. സൈലൻറ് വാലി ദേശീയ പാർക്കായി മാറ്റിയതെന്ന്?
5. ആരുടെ ആത്മകഥയാണ് 'പച്ചവിരൽ'?
6. 'ഇവൻ എന്റെ പ്രിയ സി. ജെ' എന്ന കൃതി എഴുതിയതാര്?
7. വരുമോ വസന്തം എന്ന അധ്യായത്തിൽ പരാമർശിക്കുന്ന സുരേന്ദ്രൻ ജെറീനയുടെ ആരായിരുന്നു?
8. തമിഴിലേക്ക് വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത്?
9. 'എതിര്' ആരുടെ കൃതിയാണ്?
10. വെള്ളത്തിനായി പ്ലാച്ചിമട നിവാസികൾ ആശ്രയിച്ചിരുന്ന സ്ഥലമേത്?
11. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ഏക യാത്രാവിവരണ ഗ്രന്ഥമേത്?
12. ദലിതൻ എന്ന ആത്മകഥക്ക് അവതാരിക എഴുതിയതാര്?
13. രാജൻ കക്കാട് മുഖ്യ കഥാപാത്രമായി അഭിനയിച്ച സിനിമ ഏത്?
14. ദയാബായിയെ സഭ ബീഹാറിലെ ഏതു ജില്ലയിലേക്കാണ് അയച്ചത്?
15. കാട്ടിലെ മൃഗങ്ങൾക്ക് വേണ്ടി കേരളത്തിലുണ്ടായ ഏക സമരമേത്?

**(1X10=10)**

## സെക്ഷൻ ബി

ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു മാർക്കു വീതം

16. 'സർ, ഇനിയെന്നെ ജാതിപ്പേര് വിളിക്കരുത്.' - കുഞ്ഞാമൻ ഇങ്ങനെ പറയാനിടയായ സാഹചര്യമേത്?
17. കുഞ്ഞാമൻ വായനയിലൂടെ മനസിലാക്കാൻ ശ്രമിച്ചത് എന്തായിരുന്നു?
18. ദരിദ്രന്റെ ക്രിസ്മസ് എന്ന അധ്യായത്തിന് ആ പേര് നൽകിയതിന്റെ സാംഗത്യമെന്ത്?
19. 'ഇവിടമാണധ്യാത്മവിദ്യാലയം' എന്ന് ലേഖകൻ മനസ്സിൽ വിചാരിക്കാനുണ്ടായ കാരണമെന്ത്?
20. മധുരവേലിയിലെ പ്രാചീന ജനതയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
21. പരിചയമില്ലാത്ത വീട്ടിൽ ഓണം ഉണ്ണാൻ പോയ കവിക്കുണ്ടായ അനുഭവങ്ങൾ എന്തെല്ലാം?
22. കോളനിക്കാരുടെ കൃഷിഭൂമി തരിശാവാൻ കരണമായതെന്ത്?
23. മരുഭൂമിയിൽ അടയാളങ്ങളുടെ പ്രാധാന്യമെന്ത്?
24. സൈലന്റ്‌വാലിക്ക് ആ പേര് വരാൻ ഇടയാക്കിയ രണ്ടു കാരണങ്ങൾ ഏതെല്ലാം?
25. ഗൗരീകുണ്ഡിന്റെ പ്രത്യേകത എന്തായിരുന്നു?

**(2X5=10)**

## സെക്ഷൻ സി

ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം

26. ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയെ കുറിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കുക.
27. അഭിമാനത്തേക്കാൾ വലുത് അന്നമാണെന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് തിരിച്ചറിയാൻ ഇടയായ സാഹചര്യമേത്?
28. കയ്പ്പേറിയ ബാല്യകാല അനുഭവത്തിന്റെ അടയാളപ്പെടുത്തലുകളാണ് കാഞ്ഞാമന്റെ എതിരിലെ 'എന്നെ പാണനെന്നു വിളിക്കരുത് എന്ന അധ്യായം- വിലയിരുത്തുക.
29. കന്യാസ്ത്രീമഠത്തിൽ നിന്ന് കീഴാളമണ്ണിലേക്കിറങ്ങിയ ദയാബായിയുടെ കർമ്മമണ്ഡലത്തെകുറിച്ചു വിവരിക്കുക.
30. സോനപ്രയാഗിൽ ലേഖകന്റെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു?

**QP CODE**
**A4025**

31. രാജൻ കക്കാടിന്റെ ഹിമാലയൻ അനുഭവങ്ങളെപ്പറ്റി പാഠഭാഗങ്ങളെ മുൻനിർത്തി വിലയിരുത്തുക.
32. സൈലന്റ്‌വാലിയെപ്പറ്റി ലേഖികയുടെ നിഗമനങ്ങളെന്തെല്ലാം?
33. "ഇനി എനിക്ക് കഞ്ഞി വേണ്ട, എനിക്കു പഠിക്കണം." കുഞ്ഞാമൻ ഇങ്ങനെ പറയാനിടയായ സാഹചര്യത്തെപ്പറ്റി ചർച്ച ചെയ്യുക.
34. പാർശ്വവത്കൃത ജനത നിലനിൽപ്പിനു വേണ്ടി നടത്തിയ പോരാട്ടത്തിന്റെ പ്രതീകമാണ് മയിലമ്മ - വിശകലനം ചെയ്യുക.
35. മനുഷ്യൻ കടന്നുവന്ന പല വഴികളും ലേഖകനെ ഓർമ്മിപ്പിച്ചതെന്ത്?
36. ജീവിതപ്പാത എന്ന ആത്മകഥ ഒരു പരിധി വരെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവിതരേഖ കൂടെയാണ്- വിലയിരുത്തുക.
37. ട്രാൻസ് ജൻഡറുകൾ അനുഭവിക്കുന്ന ദുരിതങ്ങൾ ജെറീനയുടെ ആത്മകഥയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

**(5X6=30)**

## സെക്ഷൻ ഡി

ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം

38. ആത്മകഥാ സാഹിത്യത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.
39. ലിംഗപദവിയും അധികാരവും കേരളസമൂഹത്തിൽ എങ്ങനെയാണ് പ്രകടമാകുന്നത് എന്ന് 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ' മുൻനിർത്തി വിശകലനം ചെയ്യുക.
40. ജീവചരിത്രരചനയുടെ സവിശേഷതകൾ ശ്രീനാരായണ ഗുരുവിന്റെയും സി. ജെ. തോമസിന്റെയും ജീവിതരേഖ മുൻനിർത്തി ചർച്ച ചെയ്യുക.
41. മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ അനുഭവതീവ്രത ഹിമവാന്റെ മുകൾത്തട്ടിലും, കെ. എം. ബീനയുടെ നദി തിന്നുന്ന ദ്വീപും മുൻനിർത്തി വിലയിരുത്തുക.

**(10X2=20)**